# ദലിതരും മുസ്‌ലിംകളും ഇല്ലാത്ത ബീഹാരി മീഡിയ

**ബീഹാറിലെ** മാധ്യമങ്ങളിൽ ദലിതരും മുസ്‌ലിംകളും മരുന്നിന് പോലുമില്ലെന്ന് സർവെ റിപ്പോർട്ട്! 2009 ജൂണിൽ പ്രമോദ് രൻജൻ നടത്തിയ സർവെ ആധാരമാക്കി തയാറാക്കപ്പെട്ട "പാർട്ണർഷിപ്പ് ഇൻ മീഡിയ" എന്ന ഗ്രന്ഥത്തിലാണ് ഞെട്ടിക്കുന്ന വെളിപ്പെടുത്തൽ. ബീഹാറിലെ ഹിന്ദി -ഇംഗ്ലീഷ് പ്രിന്റ്, ഇലക്ട്രോണിക്സ് മാധ്യമപ്രവർത്തകരിലാണ് സർവെ നടത്തിയത്. ഹിന്ദി പ്രിന്റ് മീഡിയയിൽ 87 ശതമാനം ജേർണലിസ്റ്റുകളും ഉന്നതജാതി ഹിന്ദുക്കളാണ്. പിന്നാക്ക ഹിന്ദുക്കൾ 9 ശതമാനവും ദലിതർ 3 ശതമാനവും ഉള്ളപ്പോൾ മുസ്‌ലിം സാന്നിധ്യം 1 ശതമാനം മാത്രം. ഇംഗ്ലീഷ് പ്രിന്റ് മീഡിയയിൽ 75 ശതമാനവും ഉന്നത ജാതി ഹിന്ദുക്കൾ. പിന്നാക്കക്കാർ 19 ശതമാനവും മുസ്‌ലിംകൾ 4 ശതമാനവും ദലിതർ 0 ശതമാനവും! ഇലക്ട്രോണിക് മീഡിയയിൽ 90 ശതമാനവും ഉന്നതജാതി ഹിന്ദുക്കൾ, 7 ശതമാനം പിന്നാക്കക്കാർ, 3 ശതമാനം മുസ്‌ലിംകൾ. ഇവിടെയും ദലിതർ സംപൂജ്യർ! പശുബെൽറ്റ് മാധ്യമങ്ങളിൽ മുസ്‌ലിം-ദലിത് വിരോധം പതഞ്ഞു പൊന്തുന്നതിന് വേറെ കാരണം തേടേണ്ടതില്ല.

## ഹിലരിക്കെതിരെ പ്രതിഷേധിച്ചാൽ കുഴപ്പമെന്ത്?

ഇത് ചോദിച്ചത് മനുഷ്യാവകാശ പ്രവർത്തകരല്ല, മുംബൈ ഹൈക്കോടതിയിലെ ഡിവിഷൻ ബെഞ്ച് ജസ്റ്റിസുമാരായ ബിലാൽ നാസ്കിയും എ.ആർ ജോഷിയുമാണ്. ഹിലരി ക്ലിന്റന്റെ സന്ദർശനത്തോടനുബന്ധിച്ച് കരുതൽ തടങ്കലിൽ അടക്കപ്പെട്ട ജമാഅത്തെ ഇസ്‌ലാമി മഹാരാഷ്ട്ര പി.ആർ സെക്രട്ടറി മുഹമ്മദ് അസ്‌ലം ഗാസിയും മനുഷ്യാവകാശ പ്രവർത്തകനായ ഫിറോസ് മിതിബോർവാലയും സമർപ്പിച്ച ഹർജിയിലാണ് ജഡ്ജിമാർ ഇങ്ങനെ പ്രതികരിച്ചത്. ഹിലരി ക്ലിന്റന്റെ സന്ദർശനദിവസം ഇരുവരും ചേർന്ന് വമ്പിച്ച പ്രതിഷേധപരിപാടികൾ നടത്താൻ തീരുമാനിച്ചതായി തങ്ങൾക്ക് രഹസ്യവിവരം കിട്ടിയിട്ടുണ്ടെന്ന് സർക്കാർ അഭിഭാഷകൻ കോടതിയിൽ പറഞ്ഞു. അതിന് കുഴപ്പമെന്താണെന്നായിരുന്നു ജസ്റ്റിസുമാരുടെ ചോദ്യം. 1947ൽ സ്വാതന്ത്ര്യം കിട്ടിയെങ്കിലും നാമിപ്പോഴും മാനസികാടിമത്തത്തിൽ തന്നെയാണ് കഴിയുന്നതെന്നും കോടതി നിരീക്ഷിച്ചു. 'ഇങ്ങനെ നിയമം കൈയാളിയാൽ നിങ്ങൾ ഞങ്ങളെയും തൂക്കിയെടുക്കുമല്ലോ' എന്നുകൂടി പരിഹസിച്ചാണ് കോടതി സർക്കാർ വക്കീലിനെ കെട്ടുകെട്ടിച്ചത്.

## ന്യൂനപക്ഷ ക്ഷേമത്തിനുള്ള ഫണ്ട് തിരിച്ചയച്ചു

പ്രധാനമന്ത്രിയുടെ 15 ഇന ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള കേന്ദ്രഫണ്ട് ഒരൊറ്റ പൈസ പോലും ചെലവഴിക്കാതെ ഝാർഖണ്ഡ് സർക്കാർ തിരിച്ചയച്ചു. 181 കോടി രൂപയാണ് തിരിച്ചയച്ചത്. പദ്ധതി നടപ്പാക്കാൻ വേണ്ടി കലക്ടറുടെ നേതൃത്വത്തിൽ ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിരുന്നെങ്കിലും ഒരൊറ്റ യോഗം പോലും ചേർന്നില്ല. ബി.ജെ.പി ഭരിച്ചിരുന്ന ഝാർഖണ്ഡിൽ ഇപ്പോൾ പ്രസിഡന്റ് ഭരണമാണ്.

## ശറഈ അദാലത്തുകളിൽ ഇനി കൗൺസലിംഗും

വർധിച്ചുവരുന്ന വിവാഹമോചനങ്ങൾക്ക് തടയിടാൻ ശറഈ അദാലത്തുകളിൽ വൈവാഹിക കൗൺസലിംഗ് ഏർപ്പെടുത്തണമെന്ന് ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് നിർദേശം നൽകി. "ചെറിയ കാരണങ്ങൾക്ക്പോലും ത്വലാഖ് നടത്തുന്നത് വർധിച്ചിരിക്കുന്നു. ദമ്പതികളെ ബോധവൽക്കരിച്ചും അവരോട് ചർച്ച ചെയ്തും ഇത് കുറക്കാൻ കഴിയും" - ബോർഡ് നേതാവ് മൗലാനാ ഖാലിദ് റഷീദ് പറഞ്ഞു. വിവാഹമോചനം മതമോ സമൂഹമോ ആഗ്രഹിക്കുന്നതല്ല. ദമ്പതികൾക്കിടയിൽ അനുരഞ്ജന ശ്രമം പൂർത്തിയായാൽ മാത്രമേ ഇനി ശറഈ അദാലത്തുകൾ വിവാഹമോചനത്തിന് കളമൊരുക്കൂ. ഇത് മൊത്തം സമൂഹത്തിന്റെ ഭദ്രതക്കും ക്രമസമാധാന പാലനത്തിനും ഗുണകരമാവും - അദ്ദേഹം കൂട്ടിച്ചേർത്തു.

## ഭഗൽപൂർ കലാപബാധിതർക്ക് നഷ്ടപരിഹാരം

'80കളിൽ രാജ്യത്തെ നടുക്കിയ ഭഗൽപൂരിലെ വർഗീയ കലാപത്തിൽ കൊല്ലപ്പെട്ട 844 പേരുടെ കുടുംബാംഗങ്ങൾക്ക് രണ്ട് പതിറ്റാണ്ടുകൾക്കു ശേഷം നഷ്ടപരിഹാരം നൽകുന്നു. സിഖ് വിരുദ്ധ കലാപത്തിന്റെ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ തുല്യമായാണ് തുക നൽകുക. ഒരു കുടുംബത്തിന് മൂന്നരലക്ഷം രൂപ ലഭിക്കും. നഷ്ടപരിഹാരത്തിനു വേണ്ടി കാലങ്ങളായി നടക്കുന്ന സമരം ഒടുവിൽ വിജയം കണ്ടിരിക്കുന്നു.

## തീഹാർ ജയിലിൽ ഹിന്ദു തടവുകാർ നോമ്പെടുക്കുന്നു

4000ത്തോളം വരുന്ന മുസ്‌ലിം തടവുകാരോടൊപ്പം തീഹാർ ജയിലിലെ 30 ഹിന്ദു തടവുകാരും നോമ്പെടുത്തു. അത്താഴം കഴിച്ച് അന്നപാനീയങ്ങൾ വർജിച്ച് സൂര്യാസ്തമയം വരെ ഇവരും വ്രതശുദ്ധി പാലിക്കുന്നു. നോമ്പെടുക്കുന്നവർക്ക് ഭക്ഷണത്തിനും നമസ്കാരത്തിനും പ്രത്യേകം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ജയിലധികൃതർ പറയുന്നു. 11,000 തടവുകാരാണ് തീഹാർ ജയിലിലുള്ളത്.

## സുന്നി-അഹ്‌ലെഹദീസ് തർക്കം തീർന്നു

സൂറ *അൽബഖറ*യിലെ ഒരായത്തിന്റെ വ്യാഖ്യാനം സംബന്ധിച്ച തർക്കം കോടതിയിലെത്തി കൊടുമ്പിരിക്കൊള്ളവെ കച്ചിലെ സുന്നി-അഹ്‌ലെ ഹദീസ് വിഭാഗങ്ങൾ അനുരഞ്ജനത്തിന് തയാറായി തർക്കം അവസാനിപ്പിച്ചു. സുന്നി പണ്ഡിതൻ നൽകിയ വ്യാഖ്യാനം അംഗീകരിക്കാത്ത അഹ്‌ലെ ഹദീസ് നേതാക്കൾക്കെതിരെ ഗുജറാത്ത് ഹൈക്കോടതിയിൽ ക്രിമിനൽ കേസ് ഫയൽ ചെയ്യപ്പെട്ടു. ഖബർ പൂജയെ ശക്തമായി ചോദ്യം ചെയ്ത് അഹ്‌ലെ ഹദീസ് വിഭാഗം പൊതുപ്രചാരണം നടത്തുകയും ചെയ്തു. കോടതിയിൽ ഇരുവിഭാഗവും തങ്ങളുടെ വാദഗതികൾ ശക്തിയായി അവതരിപ്പിച്ചെങ്കിലും ജസ്റ്റിസ് ദേവാനി അനുരഞ്ജന സാധ്യത മുൻനിർത്തി വിധി പറയാതെ മാറ്റിവെച്ചു. ഇതിനിടയിൽ ഇരു വിഭാഗവും തർക്കം തീർക്കാൻ തീരുമാനിക്കുകയും കേസ് പിൻവലിക്കുകയും ചെയ്തു.

## ജാമിഅ മില്ലിയക്ക് പുതിയ വി.സി

ജാമിഅ മില്ലിയ ഇസ്‌ലാമിയക്ക് പുതിയ വി.സി. മുൻ ഐ.എ.എസ് ഓഫീസറായ നജീബ് ജംഗാണ് പുതിയ വി.സി. 1973 ബാച്ച് മധ്യപ്രദേശ് കേഡർ ഐ.എ.എസ് ഓഫീസറായിരുന്ന ജംഗ് ദൽഹി സെന്റ് സ്റ്റീഫൻസ് കോളേജിലും ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലുമാണ് വിദ്യാഭ്യാസം നടത്തിയത്. ജാമിഅയെ ലോകോത്തര നിലവാരമുള്ള സർവകലാശാലയാക്കാൻ പ്രയത്നിക്കുമെന്ന് ജംഗ് പറഞ്ഞു. അദ്ദേഹം നേരത്തെ പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയത്തിൽ ജോയിന്റ് സെക്രട്ടറി സ്ഥാനം വഹിച്ചിട്ടുണ്ട്. റിലയൻസിനെ സഹായിച്ചുവെന്ന ആരോപണം ഇക്കാലയളവിൽ അദ്ദേഹത്തിനെതിരെ ഉണ്ടായിട്ടുണ്ട്.

ബട്‌ലഹൗസ് പോലുള്ള സംഭവങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന് പകരം യൂനിവേഴ്സിറ്റിയിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കാൻ ശ്രദ്ധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ദൂരദിക്കുകളിൽനിന്ന് വരുന്ന വിദ്യാർഥികൾക്ക് ധൈര്യവും ആത്മവിശ്വാസവും പകരാൻ പ്രത്യേകം ശ്രദ്ധിക്കും. യൂനിവേഴ്സിറ്റിയിൽ വിദ്യാർഥി യൂനിയൻ തെരഞ്ഞെടുപ്പ് പുനരാരംഭിക്കാനുള്ള സാധ്യത അദ്ദേഹം തള്ളി. വിദ്യാർഥികൾ തെരുവിലേക്കിറങ്ങുന്നതും വൈകാരിക പ്രശ്നങ്ങളിൽ മുഴുകുന്നതും അവരുടെ കരിയറിനെ ദോഷകരമായി ബാധിക്കുമെന്നുള്ള അഭിപ്രായക്കാരനാണ് ജംഗ്. അദ്ദേഹത്തിനു പുറമെ മുൻ വി.സി പ്രഫ. മുശീറുൽ ഹസൻ ബീഹാർ പ്രിൻസിപ്പൽ സെക്രട്ടറി അഫ്സൽ അമാനുല്ല എന്നിവരാണ് വി.സി പാനലിൽ ഉണ്ടായിരുന്നത്.

**അബ്ബാദ്**